2025 MARCH
27
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വിഴിഞ്ഞത്ത് പുതിയ മത്സ്യബന്ധന തുറമുഖം; 271 കോടി രൂപയുടെ പദ്ധതി

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് പുതിയ മത്സ്യബന്ധന തുറമുഖം നിർമിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകിയതായി മന്ത്രി വി.എൻ.വാസവൻ. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി പുതിയ മത്സ്യബന്ധന തുറമുഖം വികസിപ്പിക്കുന്നതിനും വിഴിഞ്ഞത്ത് നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവേശന കവാടത്തിന്റെ സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള ബ്രേക്ക് വാട്ടർ നിർമാണവും രണ്ടു പാക്കേജുകളായി നിർവഹിക്കും.



271 കോടി രൂപയുടേതാണ് പദ്ധതി. 235 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ, 500 മീറ്റർ നീളമുള്ള ഫിഷറി ബെർത്ത്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ 146 കോടി രൂപ ചിലവഴിച്ചാണ് പാക്കേജ് ഒന്നിൽ നടപ്പിലാക്കുക. നിലവിലുള്ള ഫിഷിങ് ഹാർബറിന്റെ സിവേർഡ് ബ്രേക്ക് വാട്ടറിൽ നിന്നും 45 ഡിഗ്രി ചരിവിൽ 250 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ നിർമാണം 125 കോടി രൂപ ചെലവിൽ ഹാർബർ എൻജിനീയറിങ് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി പാക്കേജ് 2 ആയി നടപ്പിലാക്കും.

അതേസമയം വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിക്കായി അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ (വിജിഎഫ്) കേന്ദ്ര സർക്കാർ വിഹിതമായ 817.80 കോടി രൂപ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചു. ഇതിന് സംസ്ഥാന സർക്കാർ നെറ്റ് പ്രസന്റ് വാല്യു വ്യവസ്ഥയിൽ തുക തിരിച്ചടയ്ക്കണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

വായ്പയ്ക്കു പകരം ധനസഹായമായി തുക അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രധനകാര്യവകുപ്പിന്റെ എംപവേഡ് കമ്മിറ്റി തള്ളിയിരുന്നു.

വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകണമെങ്കിൽ പദ്ധതിയിലൂടെ കേരളത്തിനു ലഭിക്കുന്ന വരുമാനത്തിന്റെ 20% നൽകിയേ മതിയാകൂ എന്ന നിലപാടിലാണ് കേന്ദ്രം. 2034 മുതൽ കേരളത്തിനു പദ്ധതിയിൽനിന്നു വരുമാനം ലഭിച്ചുതുടങ്ങും.



## സൈന്യത്തിനായി 156 ഹെലികോപ്റ്ററുകൾ; ഡ്രോണുകൾ ആക്രമിക്കാൻ ശേഷി, മിസൈലുകൾ വഹിക്കും

**ന്യൂഡൽഹി:** സൈന്യത്തിനായി 156 ഹെലികോപ്റ്ററുകൾ വാങ്ങാൻ കേന്ദ്ര മന്ത്രിസഭ ഉടൻ അനുമതി നൽകിയേക്കും. കരസേനയ്ക്കും വ്യോമസേനയ്ക്കുമായി ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിൽ (എച്ച്എഎൽ) നിന്നാണ് ഹെലികോപ്റ്ററുകൾ വാങ്ങുന്നതെന്നു ദേശീയ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. ഇന്ത്യയിൽ വികസിപ്പിച്ച 'പ്രചണ്ഡ്' ഹെലികോപ്റ്ററുകളാണ് വാങ്ങുന്നത്. 45,000 കോടി രൂപയുടെതാണ് ഇടപാട്. ചൈന, പാകിസ്ഥാൻ അതിർത്തിയിലെ പ്രവർത്തനങ്ങൾക്കായാണു ഹെലികോപ്റ്ററുകൾ വാങ്ങുന്നതെന്നു പ്രതിരോധ മന്ത്രാലയ ഉദ്യോഗസ്ഥർ വ്യക്തമാക്കിയതായി എഎൻഐ റിപ്പോർട്ടു ചെയ്തു.

എച്ച്എഎല്ലിന് കഴിഞ്ഞ വർഷം ജൂണിലാണ് ടെൻഡർ ലഭിച്ചത്. 156 ഹെലികോപ്റ്ററുകളിൽ 90എണ്ണം കരസേനയ്ക്കും 66 എണ്ണം വ്യോമസേനയ്ക്കുമാണ്. 5,000 മീറ്റർ ഉയരത്തിൽ ലാൻഡ് ചെയ്യാനും ടേക്ക് ഓഫ് ചെയ്യാനും ശേഷിയുള്ള ലോകത്തിലെ ഏക അറ്റാക് ഹെലികോപ്റ്ററാണ് പ്രചണ്ഡ്. കിഴക്കൻ ലഡാക്കിലും സിയാച്ചിനിലും ഈ ഹെലികോപ്റ്ററുകൾ ഉപയോഗിക്കാൻ കഴിയും. ആധുനിക മിസൈലുകൾ വഹിക്കാനും ടാങ്കുകൾ ഡ്രോണുകൾ എന്നിവയെ ആക്രമിക്കാനും ശേഷിയുണ്ട്. വിവിധ പരീക്ഷണങ്ങൾക്കുശേഷമാണ് ഹെലികോപ്റ്ററുകളെ സേനയുടെ ഭാഗമാക്കാൻ ഒരുങ്ങുന്നത്. 15.80 മീറ്റർ നീളവും 4.70 മീറ്റർ ഉയരവുമുള്ള പ്രചണ്ഡ് ഹെലികോപ്റ്ററുകൾക്ക് മണിക്കൂറിൽ പരമാവധി 268 കിലോമീറ്റർ വേഗത്തിൽ പറക്കാനാകും.

## സപ്ലൈകോ തേയില വാങ്ങിയതിൽ ക്രമക്കേട്, ഇ ടെൻഡറിൽ നഷ്ടം 8.91 കോടി; കുറ്റപത്രം സമർപ്പിച്ച് ഇ.ഡി

**കൊച്ചി:** സപ്ലൈകോയിലേക്ക് തേയില വാങ്ങിയതിലെ ക്രമക്കേടിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കുറ്റപത്രം സമർപ്പിച്ചു. സപ്ലൈകോ തേയില വിഭാഗം മുൻ ഡപ്യൂട്ടി മാനേജർ ഷെൽജി ജോർജ് ഉൾപ്പെടെയുള്ളവരെ പ്രതികളാക്കിയാണ് കുറ്റപത്രം. തേയില വാങ്ങിയതിലെ ക്രമക്കേടിലൂടെ സപ്ലൈകോക്ക് ഏകദേശം 8.91 കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് കേസ്.

സപ്ലൈകോ തേയില വിഭാഗം മുൻ ഡപ്യൂട്ടി മാനേജർ ഷെൽജി ജോർജ്, ടീ ടേസ്റ്റർ അശോക് ഭണ്ഡാരി, ഹെലിബറിയ ടീ എസ്റ്റേറ്റ് അധികൃതർ അടക്കമുള്ളവർ പ്രതികളായ കേസിലാണ് ഇ.ഡി കുറ്റപത്രം. കൊച്ചി കലൂർ പിഎംഎൽഎ കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. തേയില വാങ്ങിയതിലെ ക്രമക്കേട് വഴി സപ്ലൈകോക്ക് ഏകദേശം 8.91 കോടിയുടെ നഷ്ടമുണ്ടായെന്നാണ് കേസ്. ഡമ്മി കമ്പനികളെ ഉപയോഗിച്ചാണ് ഇടെൻഡറിൽ ക്രമക്കേട് നടത്തിയത് എന്ന് കുറ്റപത്രത്തിൽ പറയുന്നു. സ്വന്തം തോട്ടങ്ങളിൽ ഉൽപാദിപ്പിക്കുന്ന തേയില മാത്രമേ നൽകാൻ പാടുള്ളുവെന്നാണ് സപ്ലൈകോ വ്യവസ്ഥ. എന്നാൽ സപ്ലൈകോയിലെ ഡപ്യൂട്ടി മാനേജരും എസ്റ്റേറ്റ് ഉടമകളും ചേർന്ന് മറ്റിടങ്ങളിൽ ഉൽപാദിപ്പിച്ച ഗുണനിലവാരം കുറഞ്ഞ തേയില സപ്ലൈകോയ്ക്ക് വിതരണത്തിനായി എത്തിച്ചു. വിപണി വിലയേക്കാൾ പത്തുമുതൽ പതിനഞ്ച് രൂപവരെ കൂട്ടിയാണ് സപ്ലൈകോ ഈ തേയില വാങ്ങിയതെന്നും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

കേസുമായി ബന്ധപ്പെട്ട് എറണാകുളം, ഇടുക്കി ജില്ലകളിലായി 7.94 കോടി രൂപയുടെ സ്വത്തുക്കൾ ഇ.ഡി കണ്ടുകെട്ടിയിട്ടുണ്ട്. പ്രതിപ്പട്ടികയിലുള്ള ഷെൽജി ജോർജടക്കമുള്ളവരുടെ സ്വത്തുക്കളാണ് കണ്ടുകെട്ടിയിട്ടുള്ളത്.





# കുടുംബശ്രീ നേച്ചേഴ്സ് ഫ്രഷ് വെജിറ്റബിൾ കിയോസ്കിന് തുടക്കമായി

**കൊല്ലം:** വിഷക്കറയില്ലാത്ത ജൈവ പച്ചക്കറികൾക്ക് വിപണന സാധ്യത ഒരുക്കി കുടുംബശ്രീയുടെ അഗ്രി കിയോസ്ക്. കുടുംബശ്രീ ജില്ലാ മിഷന്റെയും കുണ്ടറ കുടുംബശ്രീ സിഡിഎസ്സിന്റെയും ആഭിമുഖ്യത്തിൽ കുടുംബശ്രീയുടെ കൂട്ടുത്തരവാദിത്ത കൃഷി സംഘങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന നേച്ചേഴ്സ് ഫ്രഷ് വെജിറ്റബിൾ കിയോസ്ക് അവരുടെ വിളവെടുപ്പിനെ വിപണിയിൽ ഇറക്കുന്നതിന് അവസരം ഒരുക്കുന്നു. കുടുംബശ്രീ വനിത കർഷകരിലൂടെ നേരിട്ട് ശേഖരിക്കുന്ന കാർഷിക വിളവുകൾ കിയോസ്ക് വഴി മിതമായ നിരക്കിൽ നൽകുകയാണ് കുടുംബശ്രീ ജില്ലാ മിഷൻ ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം ജില്ലയിൽ തുടങ്ങുന്ന മൂന്ന് കിയോസ്കുകളിൽ ആദ്യത്തേതാണ് കുണ്ടറയിൽ തുടക്കമിട്ടത്. ബ്ലോക്ക് അടിസ്ഥാനത്തിലാണ് പ്രവർത്തനം. ചിറ്റുമല ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലെയും ജെ എൽ ജി (ജോയിന്റ് ലൈയബിലിറ്റി ഗ്രൂപ്പ് കൂട്ട് ഉത്തരവാദിത്ത സംഘം) കളുടെ ജൈവ പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങ് വർഗങ്ങൾ, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ എന്നിവ കുണ്ടറ അഗ്രി കിയോസ്കിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കാം. കൂടാതെ മൃഗസംരക്ഷണ മേഖല, കൃഷിയിൽ നിന്നും ലഭിക്കുന്ന മുട്ട, പാൽ എന്നിവയും വില്പനയ്ക്ക് ഒരുക്കിയിട്ടുണ്ട്. അതാത് സിഡിഎസുകൾക്കാണ് പ്രവർത്തന ചുമതല. കിയോസ്ക് നടത്തിപ്പിന് സിഡിഎസുകളിൽ നിന്ന് നിയമിക്കുന്ന റിസോഴ്സ് പേഴ്സൺമാർക്ക് 3600 രൂപ വേതനവും പ്രതിമാസ വിറ്റുവരവിന്റെ മൂന്ന് ശതമാനവും ലഭ്യമാക്കും.

പദ്ധതി കുണ്ടറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി തോമസ് ഉദ്ഘാടനം ചെയ്തു. കുണ്ടറ സിഡിഎസ് ചെയർപേഴ്സൺ റഷീദാ ബീവി അധ്യക്ഷയായി. കുടുംബശ്രീ അസി. ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഹാരിസ് മുഹമ്മദ് പദ്ധതി വിശദീകരിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ ഓമനക്കുട്ടൻ പിള്ള, സ്ഥിരം സമിതി ചെയർപേഴ്സൺമാരായ രേഖ ജെ പിള്ള, സുധാദേവി, വിനോദ് വി, കുണ്ടറ കൃഷി ഓഫീസർ ബിനീഷ ബി, സിഡിഎസ് വൈസ് ചെയർപേഴ്സൺ വത്സല സതീശൻ, പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ സംസാരിച്ചു.

പേരയം സിഡിഎസ് ചെയർപേഴ്സൺ ആനിയമ്മ, ഈസ്റ്റ് കല്ലട സിഡിഎസ് ചെയർപേഴ്സൺ രശ്മി സി കെ, പെരിനാട് സിഡിഎസ് ചെയർപേഴ്സൺ ശോഭ വി, കുടുംബശ്രീ കാർഷിക വിഭാഗം ജില്ലാ പ്രോഗ്രാം മാനേജർ ശ്രീപ്രിയ എന്നിവർ ആശംസ നേർന്നു.

# സപ്ലൈകോയുടെ ഈസ്റ്റർ, വിഷു ഫെയറുകളിൽ 40 ശതമാനം വരെ വിലക്കുറവ് : മന്ത്രി ജി ആർ അനിൽ

**തിരുവനന്തപുരം:** ഈസ്റ്റർ, വിഷു പ്രമാണിച്ച് കേരളത്തിലെ മാർക്കറ്റുകളിൽ ഗവൺമെന്റ് നടത്തുന്ന ഇടപെടലിന്റെ ഭാഗമായി സപ്ലൈകോയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഫെയറുകളിൽ വിവിധ ഉൽപ്പന്നങ്ങൾക്ക് 40 ശതമാനം വരെ വിലക്കുറവ് ഉണ്ടാകുമെന്ന് ഭക്ഷ്യ, പൊതു വിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ആരംഭിക്കുന്ന ഈസ്റ്റർ, വിഷു, റംസാൻ ഫെയറുകളുടെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം പീപ്പിൾസ് ബസാറിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രത്യേകം ചന്തകൾ ആരംഭിക്കുന്നുണ്ട്. മറ്റ് ജില്ലകളിൽ സപ്ലൈകോയുടെ പ്രധാന ഔട്ട്ലെറ്റുകളിൽ ഫെയറിനുള്ള സൗകര്യങ്ങൾ ഒരുക്കി. സാമ്പത്തിക ബാധ്യത കണക്കിലെടുത്താണ് നിലവിലെ ഔട്ട്ലെറ്റുകളിൽ വിപണന മേള ക്രമീകരിക്കുന്നത്.

മാർച്ച് 30 വരെ റംസാൻ ഫെയറും എപ്രിൽ 10 മുതൽ 19 വരെ വിഷു, ഈസ്റ്റർ ഫെയറും നടക്കും. മാർക്കറ്റിൽ നിലവിലെ ഉൽപ്പന്നത്തിന്റെ വിലയെ അപേക്ഷിച്ച് 40% വരെ വിലക്കുറവാണ് ഫെയറുകളിലുള്ളത്.

285 രൂപ വരെ മാർക്കറ്റിൽ വിലയുള്ള വെളിച്ചെണ്ണ 235 രൂപക്കാണ് സപ്ലൈകോ നൽകുന്നത്. അതുപോലെ



മറ്റ് 13 നിത്യോപയോഗ സാധനങ്ങൾ 35 മുതൽ 40 ശതമാനം വിലകുറച്ച് വില കുറച്ച് നൽകുന്നതിന് നിരവധി പ്രതിസന്ധികളെ മറികടക്കേണ്ടി വരുന്നു. നിരവധി തവണ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഉൽപ്പന്നങ്ങൾ നൽകുന്ന സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി പരമാവധി വില കുറയ്ക്കാൻ ഗവൺമെന്റ് സമ്മർദം ചെലുത്തുന്നത്കൊണ്ടാണ് ഇത്തരത്തിൽ വില കുറച്ച് പരമാവധി ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിയുന്നത്. ഉത്സവ കാലയളവിൽ സബ്സിഡി ഉൽപ്പന്നങ്ങൾ കൃത്യമായി എത്തിക്കാനുള്ള 'നടപടി സപ്ലൈകോ സ്വീകരിക്കുകയുണ്ടായി. അതു കൂടാതെ മറ്റ് ഉൽപ്പനങ്ങൾ ഏകദേശം 15 മുതൽ 45 ശതമാനം വരെ വിലകുറച്ചു കൊടുക്കുന്നതിനുള്ള ക്രമീകരണവും നടത്തിയിട്ടുണ്ട്.ഏറ്റവും കൂടുതൽ വിൽപ്പന വരുന്ന വിവിധ തരത്തിലുള്ള ബിരിയാണി അരിക്ക് പൊതുവിപണിയിൽ 85, 120 രൂപ വില വരുമ്പോൾ സപ്ലൈകോ യഥാക്രമം 65, 94 രൂപക്കാണ് ഇതേ അരി നൽകുന്നത്.സവാള, ചെറിയഉള്ളി, വെളുത്തുള്ളി ഇവക്കെല്ലാം വിലക്കുറവുണ്ട്. പൊതുജനങ്ങൾ പരമാവധി സപ്ലൈകോ സംഘടിപ്പിക്കുന്ന ഫെയറുകളുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നതായും മന്ത്രി പറഞ്ഞു.

ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ സപ്ലൈകോ റീജയണൽ മാനേജർ സജാദ് എ സ്വാഗതമാശംസിച്ചു. വാർഡ് കൗൺസിലർ ജാനകി അമ്മാൾ എസ് ആശംസയർപ്പിച്ചു. ഡിപ്പോ മാനേജർ ബിജു പി വി കൃതജ്ഞത അറിയിച്ചു.

## സ്പോർട്സ് അക്കാദമികളിലേയ്ക്ക് സെലക്ഷൻ ട്രയൽസ് ഏപ്രിൽ 4ന്

**ആലപ്പുഴ:** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാദമികളിലേയ്ക്ക് 202526 അധ്യയനവർഷത്തേയ്ക്കുള്ള കായികതാരങ്ങളുടെ ജില്ലാ സെലക്ഷൻ ട്രയൽസ് (അത്ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ) പ്രീതികുളങ്ങര കലവൂർ എൻ ഗോപിനാഥ് മെമ്മോറിയൽ മിനി സ്റ്റേഡിയത്തിൽ ഏപ്രിൽ നാലിന് നടക്കും.

താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ എട്ടു മണിക്ക് സ്പോർട്സ് കിറ്റ്, ജനന സർട്ടിഫിക്കറ്റ് (ഏത് ക്ലാസ്സിൽ പഠിക്കുന്നു എന്ന് ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്), യോഗ്യതസർട്ടിഫിക്കറ്റ്, സ്പോർട്സ് പ്രാവീണ്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ആധാർകാർഡ് (ഒറിജിനൽ, ഫോട്ടോകോപ്പി) എന്നിവയുമായി സ്റ്റേഡിയത്തിൽ ഹാജരാകണം. 202526 അധ്യയന വർഷത്തിൽ ഏഴ്, എട്ട് പ്ലസ് വൺ, ഒന്നാം വർഷ ഡിഗ്രി ക്ലാസ്സുകളിലേയ്ക്കാണ് സെലക്ഷൻ. നിലവിൽ ആറ്, ഏഴ്, പത്ത്, പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കു കുട്ടികൾക്ക് പങ്കെടുക്കാം. വിശദവിവരങ്ങൾക്ക് ആലപ്പുഴ ജില്ലാ സ്പോർട്സ് കൗസിൽ ഓഫീസുമായി (0477 2253090) ബന്ധപ്പെടാം.

## ആറന്മുള്ള വാസ്തുവിദ്യാ ഗുരുകുലത്തിൽ അവധിക്കാല പഠനക്ലാസ്

**പത്തനംതിട്ട:** പത്തനംതിട്ടയിലെ ആറന്മുള്ള വാസ്തുവിദ്യാ ഗുരുകുലത്തിൽ കുട്ടികൾക്കായുള്ള അവധിക്കാല പഠനക്ലാസ്, 'നിറച്ചാർത്ത്2025 ലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർഥികളെ ജൂനിയർ വിഭാഗത്തിലും എട്ടാംക്ലാസ് മുതലുള്ള വിദ്യാർഥികളെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തി രണ്ടു വിഭാഗങ്ങളായാണ് ക്ലാസ്. ഏപ്രിൽ, മേയ് മാസങ്ങളിലെ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 3.30 വരെയാണ് ക്ലാസുകൾ. ഏപ്രിൽ ഏഴിന് ക്ലാസുകൾ ആരംഭിക്കും.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് പ്രവേശനം. രജിസ്ട്രേഷന് വാസ്തുവിദ്യാ ഗുരുകുലം ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ www.vasthuvidyagurukulam.com എന്ന വെബ്സൈറ്റ് മുഖേനയോ രജിസ്റ്റർ ചെയ്യാം.

## പി.എം.എസ്.വൈ.എം, എൻ.പി.എസ് പദ്ധതികളിൽ രജിസ്ട്രേഷൻ നടത്താം

**ആലപ്പുഴ:** അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാൻമന്ത്രി ശ്രം യോഗി മൻധൻ യോജന (പി.എം.എസ്.വൈ.എം), നാഷണൽ പെൻഷൻ സ്കീം ഫോർ ട്രേഡേഴ്സ് (എൻ.പി.എസ്) എന്നീ പദ്ധതികളിൽ കോമൺ സർവ്വീസ് സെന്ററുകൾ വഴി രജിസ്ട്രേഷൻ നടത്താം . 18നും 40നും ഇടയിൽ പ്രായമുള്ളവരും ഇ.പി.എഫ്, എൻ.പി.എസ്, എസ്.എസ്.ഐ.സി എന്നീ സംഘടിത മേഖലയിൽ അംഗത്വമില്ലാത്തവരും അസംഘടിതമേഖലയിൽ തൊഴിലെടുക്കുന്ന റിക്ഷാ ജോലിക്കാർ, തെരുവ് കച്ചവടക്കാർ, ഉച്ച ഭക്ഷണ തൊഴിലാളികൾ, വീട്ടുജോലിക്കാർ, വീട്ടുപകരണങ്ങൾ നടന്നു വിൽക്കുന്നവർ, കർഷക തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, തുകൽ തൊഴിലാളികൾ, ഓഡിയോ വീഡിയോ ജീവനക്കാർ സമാനമായ മറ്റു തൊഴിലാളികൾ എന്നിവർക്കാണ് പി.എം.എസ്.വൈ.എം യിൽ അംഗമാകുന്നതിന് അർഹത. ഈ പദ്ധതിയിൽ 60 വയസ്സു തികഞ്ഞതിനു ശേഷം പ്രതിമാസ പെൻഷനായി 3000രൂപ ലഭിക്കും.

18നും 40 വയസ്സിനും മദ്ധ്യേയുള്ള ഏതൊരു പൗരനും ഇഷ്ടാനുസരണം ചേരാവുന്ന വാർദ്ധക്യ കാല സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതിയാണ് എൻ.പി.എസ്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസുകളുമായും ആലപ്പുഴ ജില്ലാ ലേബർ ഓഫിസുമായും ബന്ധപ്പെടാം. ഫോൺ:04772253515.

## എംപ്ലോയബിലിറ്റി സെന്ററിൽ സ്വകാര്യസ്ഥാപനങ്ങളിലേക്ക് അഭിമുഖം ഇന്ന്

**ആലപ്പുഴ:** എംപ്ലോയബിലിറ്റി സെന്റർ മുഖേന സ്വകാര്യസ്ഥാപനങ്ങളിലേക്ക് നിയമനം നടത്തുന്നു:

അഭിമുഖം മാർച്ച് 27 ന് രാവിലെ 9.30 ന് എംപ്ലോയബിലിറ്റി സെന്ററിൽ നടക്കും . രണ്ട് കമ്പനികളിലെ വിവിധ ഒഴിവുകളിലേക്കാണ് അഭിമുഖം. പ്ലസ് ടു, ബിരുദം, സിവിൽ എഞ്ചിനിയറിംഗ് (ഐ.ടി.ഐ, ഡിപ്ലോമ, ബിടെക്) ബിആർക്ക്, ഡിആർക്ക്, ബികോം യോഗ്യതയുള്ള എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്തതും ചെയ്യാത്തവരുമായ 18 നും 35 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർഥികൾക്കും പങ്കെടുക്കാം. സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടാകും. ഫോൺ: 04772230624, 8304057735.




**സ്കൂളുകളിൽ നടത്തുന്ന അനധികൃത കച്ചവടം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റി നടത്തുന്ന പ്രക്ഷോഭത്തിന്റെ മുന്നോടിയായി സംഘടിപ്പിച്ച സമര പ്രഖ്യാപന കൺവെൻഷൻ യൂത്ത് വിംഗ് സംസ്ഥാന പ്രസിഡന്റ് സലിം രാമനാട്ടുകര ഉദ്ഘാടനം ചെയ്യുന്നു. ജയാ പീറ്റർ, എ.ജെ റിയാസ്, പി.സി ജേക്കബ്ബ്, പ്രദീപ് ജോസ്, ജിമ്മി ചക്യത്ത്, വിനോദ് ബേബി, അജ്മൽ കമ്പായി, ശ്രീനാഥ് മംഗലത്ത് തുടങ്ങിയവർ മുൻ നിരയിൽ**

# സ്കൂളുകളിലെ അനധികൃത കച്ചവടം; യൂത്ത് വിംഗ് സമരത്തിലേക്ക്

**കൊച്ചി:** സ്കൂളുകളിൽ നടത്തുന്ന അനധികൃത കച്ചവടം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം യൂത്ത് വിംഗ് പ്രക്ഷോഭം ആരംഭിക്കുന്നു. വ്യാപാര ഭവനിൽ നടന്ന സമര പ്രഖ്യാപന കൺവെൻഷൻ യൂത്ത് വിംഗ് സംസ്ഥാന പ്രസിഡന്റ് സലിം രാമനാട്ടുകര ഉദ്ഘാടനം ചെയ്തു.കേരളത്തിലെ വ്യാപാരികളെ പ്രതിസന്ധിയിലാക്കുന്ന വിധത്തിൽ സ്കൂളുകളിൽ നടത്തുന്ന കച്ചവടം അധികൃതർ അവസാനിപ്പിക്കണമെന്ന് സലിം രാമനാട്ടുകര ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. യൂത്ത് വിംഗ് മീഡിയ ലോഗോ പ്രകാശനം ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് ചടങ്ങിൽ നിർവ്വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ് ഇഫ്താർ സന്ദേശം നൽകി. വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. കെ.വി.വി.ഇ.എസ് വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ, യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി വിനോദ് ബേബി, ട്രഷറർ അജ്മൽ കമ്പായി, നേതാക്കളായ ശ്രീനാഥ് മംഗലത്ത്,സാജു ചാക്കോ,സി എസ് രാമചന്ദ്രൻ,ജോബി വാരാപ്പുഴ,ഷാറ്റോ പറവൂർ, കെ എ നാദിർഷ,സീന സജീവൻ ,സുനിത,കെ സി മുരളീധരൻ,ജംഷീർ വാഴയിൽ തുടങ്ങിയവർ സംസാരിച്ചു.

# കൈരളി ഗവേഷണ പുരസ്കാരങ്ങൾ വിതരണം ചെയ്തു

**തിരുവനന്തപുരം:** പഠിക്കലും പഠിപ്പിക്കലും മാത്രമെന്ന നിലയിലേക്ക് അക്കാദമിക് സ്ഥാപനങ്ങൾ ഒതുങ്ങി പോകാൻ പാടില്ലെന്നും മനുഷ്യ പുരോഗതിയും സാമൂഹ്യ പരിവർത്തനവുമാകണം അവയുടെ പ്രാഥമിക ലക്ഷ്യമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ആ ലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ചാൽ പഠനവും ഗവേഷണവും എല്ലാം മികവുറ്റതാകും. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗവേഷണ മേഖലയിൽ മികവ് തെളിയിച്ചവരെ ആദരിക്കുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന കൈരളി ഗവേഷണ പുരസ്കാരങ്ങളുടെ (2024) വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പുരോഗതിയിൽ ഈടുറ്റ സംഭാവനകൾ നല്കിയിട്ടുള്ളവർക്കാണ് പുരസ്കാരങ്ങൾ ലഭിക്കുന്നത്. അവരുടെ വഴിയിൽ അർപ്പണബോധത്തോടെ സഞ്ചരിക്കാൻ യുവ ഗവേഷകർക്ക് ഈ അവാർഡുകൾ പ്രചോദനം ആകട്ടെ എന്ന് മുഖ്യമന്ത്രി പറഞ്ഞു. സാമൂഹിക പുരോഗതിയിൽ ഗവേഷണത്തിനുള്ള പങ്ക് എന്താണെന്നു പ്രത്യേകം പറയേണ്ടതില്ല. ഗവേഷണത്തിലൂടെയാണ് പുതിയ അറിവുകൾ സൃഷ്ടിക്കപ്പെടുന്നത്. സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ആവശ്യമായ നയം നമ്മൾ രൂപീകരിക്കുന്നത് ശാസ്ത്ര, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ ഗവേഷണ ഫലങ്ങൾ സൃഷ്ടിക്കുന്ന പുതിയ അറിവുകൾക്കനുസൃതമായാണ്.

സംസ്ഥാന സർക്കാർ ഇവിടെ ഗവേഷണം പ്രോത്സാഹിപ്പിക്കുക മാത്രമല്ല അവയെ നമ്മുടെ സമ്പദ്ഘടനയുമായി വിളക്കി ചേർക്കുന്നതിനുള്ള ഇടപെടൽ കൂടി നടത്തുകയാണ്. കൈരളി റിസർച്ച് പുരസ്കാരങ്ങൾ നല്കുന്നത് ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി തന്നെയാണ്. നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ചീഫ് മിനിസ്റ്റേഴ്സ് പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകളും ലഭ്യമാക്കുകയാണ്.

സംസ്ഥാനത്ത് ആകെ 30 മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയാണ്. ഇത്തവണത്തെ സംസ്ഥാന ബഡ്ജറ്റിൽ സെന്റർ ഓഫ് എക്സലൻസുകളുടെ പ്രവർത്തനത്തിനായി 38 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഗവേഷണ രംഗത്തെ പരസ്പര സഹകരണം ഉറപ്പാക്കാനും അവയെ വ്യവസായ മേഖലയുമായി ബന്ധിപ്പിക്കാനും ഉദ്ദേശിച്ചുള്ള കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. സംസ്ഥാനം നടപ്പിലാക്കിയ എഫ്.ഐ.യു.പി യിൽ വിദ്യാർഥികൾക്ക് അവരുടെ ബിരുദ പഠനത്തിന്റെ ഭാഗമായി ഗവേഷണം നടത്താനുള്ള അവസരവും ലഭ്യമാക്കിയിട്ടുണ്ട്. സർവകലാശാലകൾക്ക് യു.ജി.സി സൗജന്യമായി നൽകി വന്നിരുന്ന ഇജേർണൽ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇജേർണൽ വിഭവങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനതല ഇജേർണൽ കൺസോഷ്യം രൂപീകരിച്ചിട്ടുണ്ട്. ലോകത്തെമ്പാടുമുള്ള പ്രശസ്ത സർവകലാശാലകളിലും ഗവേഷണശാലകളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളുടെ സമഗ്ര ഡാറ്റാബെയ്സ് നിർമ്മിക്കുന്നതിനായി ബ്രെയിൻ ഗെയിൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

വിദേശ വിദ്യാർഥികളെ ആകർഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ നടപ്പാക്കുകയും ഉന്നത വിദ്യാഭ്യാസ രംഗത്തെ നയരൂപീകരണം ലക്ഷ്യംവച്ചുള്ള കോൺക്ലേവുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. രാജ്യത്തെ എന്നല്ല ലോകത്തിലെ തന്നെ മികവുറ്റ വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറാൻ കഴിയുന്നവയാണ് കേരളത്തിലെ പല സർവകലാശാലകളും കലാലയങ്ങളുമെന്നു മുഖ്യമന്ത്രി പറഞ്ഞു. അത്തരം നേട്ടങ്ങൾ എങ്ങനെ കൈവരിക്കാൻ കഴിയും എന്നതിനെ കുറിച്ചുള്ള ആലോചനകൾ നടക്കുകയാണ്. പുരസ്കാരം നേടിയ എല്ലാവർക്കും മുഖ്യമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു.

മുഖ്യമന്ത്രിയുടെ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക ഗുണമേന്മയും നമ്മുടെ വിദ്യാർത്ഥികൾക്കുവേണ്ടി ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ നല്ല നിലയിൽ ശാക്തീകരിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട് എന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ദേശീയവും അന്തർദേശീയവുമായ ഗുണനിലവാര പരിശോധനകളിലൊക്കെയും വളരെ ഗംഭീരമായ പ്രകടനം കാഴ്ചവയ്ക്കാൻ നമ്മുടെ സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും കഴിയുന്നുണ്ട്. ഇനി പ്രധാനം ഗവേഷണത്തിന്റെ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഏഴു സെന്റേഴ്സ് ഓഫ് എക്സലൻസുകൾ ആരംഭിക്കുകയാണ്. അറിവിനെ ഉപയോഗിച്ച്കൊണ്ട് ജനങ്ങളുടെ ജീവിത നിലവാര വർധനവും, നാടിന്റെ സാമ്പത്തിക അടിത്തറയുടെ വിപുലീകരണവും സാധ്യമാക്കാൻ കഴിയും. ലോകജനതയുടെ മുന്നിൽ നടക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ നമ്മുടെ യുവജനങ്ങൾക്ക് സാധിക്കുമെന്ന് മന്ത്രി പറഞ്ഞു.

# മലയോര പട്ടയം: സംയുക്ത പരിശോധന ഏപ്രിലിൽ തുടങ്ങും

**തിരുവനന്തപുരം:** 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന ഏപ്രിൽ മാസം ആരംഭിക്കുന്നതിന് റവന്യൂ, വനം വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

കേരളത്തിലെ മലയോര മേഖലയിൽ പട്ടയത്തിന് അപേക്ഷ സ്വീകരിക്കുന്നതിനും സംയുക്ത പരിശോധന (ജോയിന്റ് വെരിഫിക്കേഷൻ) നടത്തുന്നതിനും കേന്ദ്ര സർക്കാർ അനുമതി ആവശ്യമായിരുന്നു. 2024 ഫെബ്രുവരിയിൽ റവന്യൂ മന്ത്രി കെ രാജനും വനം മന്ത്രി എ കെ ശശീന്ദ്രനും കേന്ദ്ര വനം മന്ത്രി ഭൂപേന്ദ്ര യാദവ്, സഹമന്ത്രി അശ്വിനി കുമാർ ചൗബേ എന്നിവരുമായി ഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയുടെ ഫലമായാണ് കേന്ദ്രാനുമതി ലഭിച്ചത്.

1993 ലെ പുതിയ ചട്ട പ്രകാരം 1977 ജനുവരി ഒന്നിന് മുൻപ് കുടിയേറിയവരുടെ പട്ടയ അപേക്ഷകൾ സ്വീകരിച്ച് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിയുമായിരിന്നില്ല. കുടിയേറ്റക്കാരുടെ ബന്ധുക്കളുടെയും ഭൂമി കൈമാറ്റം ചെയ്തവരുടെയും അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ നിരന്തര ശ്രമഫലമായി കേന്ദ്രസർക്കാരുമായി ചർച്ച നടത്താനും സംയുക്ത പരിശോധനക്കായുള്ള അനുമതി നേടാനുമായത്. മലയോരമേഖലയിൽ പുതിയ അപേക്ഷ സ്വീകരിക്കാനും അതിന്റെ ഭാഗമായുള്ള വെരിഫിക്കേഷൻ നടത്താനും കേരളത്തിന് പ്രത്യേക അനുവാദം ലഭിച്ചു.

ഇതേ തുടർന്ന്, 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന മുഴുവൻ പേർക്കും അതത് പ്രദേശത്ത് ബാധകമായ പതിവ് ചട്ടങ്ങൾ പ്രകാരം യോഗ്യതക്ക് അനുസൃതമായി പട്ടയം നൽകുന്നതിനായി സംസ്ഥാന സർക്കാർ 2024 മാർച്ച് 1 മുതൽ 31 വരെ സമഗ്ര വിവര ശേഖരണം നടത്തുന്നതിന് വില്ലേജ് ഓഫീസുകളിൽ സൗകര്യം ഒരുക്കിയിരുന്നു. എന്നാൽ അർഹരായ പലർക്കും ഈ ഘട്ടത്തിൽ അപക്ഷ നൽകാൻ കഴിഞ്ഞിരുന്നില്ലെന്ന കർഷക സംഘടനകളുടെയും ജനപ്രതിനിധികളുടെയും അഭ്യർത്ഥന പ്രകാരം ജൂലൈ 10 മുതൽ 31 വരെ വീണ്ടും വിവര ശേഖരണത്തിന് സൗകര്യം നൽകിയിരുന്നു. രണ്ടു ഘട്ടങ്ങളായി നടന്ന വിവര ശേഖരണത്തിലൂടെ 59,830 അപേക്ഷകളാണ് ലഭിച്ചത്.

ജോയിന്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ജോയിന്റ് ലാൻഡ് റവന്യൂ കമ്മിഷണർ എ ഗീത, പ്രിൻസിപ്പൽ സിസി എഫ് രാജേഷ് രവീന്ദ്രൻ എന്നിവർ അംഗങ്ങളായ പ്രത്യേക സമിതിയെ യോഗം ചുമതലപ്പെടുത്തി.

നിയമസഭാ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ലാൻഡ് റവന്യൂ കമ്മിഷണർ ഡോ എ കൗശിഗൻ, ജോയിന്റ് കമ്മീഷണർ എ ഗീത, പി സി സി എഫ് രാജേഷ് രവീന്ദ്രൻ, എ പി സി സി എഫ് ഡോ പി പുകഴേന്തി, ജില്ലാ കലക്ടർമാർ, മറ്റു വനം, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വനിത വികസന കോർപറേഷന്റെ ലാഭ വിഹിതം കൈമാറി

**തിരുവനന്തപുരം:** സംസ്ഥാന വനിത വികസന കോർപറേഷന്റെ 202324 സാമ്പത്തിക വർഷത്തെ ലാഭ വിഹിതം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണ ജോർജിന്റെ സാന്നിധ്യത്തിൽ വനിത വികസന കോർപറേഷൻ ചെയർപേഴ്സൺ കെ.സി. റോസക്കുട്ടിയാണ് ലാഭ വിഹിതം മുഖ്യമന്ത്രിയ്ക്ക് കൈമാറിയത്. കോർപറേഷന്റെ 2023 24 സാമ്പത്തിക വർഷത്തെ ലാഭം 11.07 കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ ലാഭ വിഹിതമായ 1,15,61,085 രൂപയുടെ ചെക്കാണ് കൈമാറിയത്.

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം മുൻനിർത്തി വനിത വികസന കോർപറേഷൻ വലിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഈ സാമ്പത്തിക വർഷം 36,105 വനിതകൾക്ക് 340 കോടി രൂപയുടെ വായ്പയാണ് വിതരണം ചെയ്തത്. ഇതിലൂടെ ഒരു ലക്ഷത്തിലധികം വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കാനായി. തിരിച്ചടവിലും ഗണ്യമായ പുരോഗതി നേടാൻ കോർപറേഷനായി.

വായ്പ വിതരണത്തിന് പുറമെ, സ്ത്രീ ശാക്തീകരണത്തിന് വേണ്ടി നിരവധി പദ്ധതികളും കോർപറേഷൻ അവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വനിതാ ഹോസ്റ്റലുകൾ, വിദ്യാർത്ഥിനികൾക്കും യുവതികൾക്കും ഷീ പാഡ്, എം കപ്പ് വിതരണ പദ്ധതി, സംരംഭകത്വ വികസന പരിശീലനം, തൊഴിൽ നൈപുണ്യ പരിശീലനം, നഴ്സുമാർക്ക് വിദേശത്ത് അവസരമൊരുക്കുന്നതിനുള്ള അപ് സ്കില്ലിങ് പരിശീലനം, വിമൻ ഹെൽപ് ലൈൻ തുടങ്ങി വിവിധ പദ്ധതികൾ നടത്തുന്നു. ഇതിലൂടെ പ്രതിവർഷം 5 ലക്ഷത്തിലധികം സ്ത്രീകളിലേക്ക് വിവിധ സേവനങ്ങൾ എത്തിക്കുന്നുണ്ട്.

വനിത വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ബിന്ദു വി.സി., ഡയറക്ടർമാരായ ഷൈല സുരേന്ദ്രൻ, അനിത ടി.വി., പ്രകാശിനി വി.കെ., പെണ്ണമ്മ തോമസ്, ഗ്രേസ് എം.ഡി., ഷീബ ലിയോൺ എന്നിവർ സന്നിഹിതരായിരുന്നു.

# മലയാളത്തിൽ തുടക്കം കുറിക്കാൻ ചേരൻ; പോലീസ് വേഷത്തിൽ നരിവേട്ടയിലെ ക്യാരക്ടർ




വലിയ കാൻവാസിൽ ബിഗ് ബഡ്ജറ്റ് ചിത്രമായി ഒരുക്കുന്ന നരിവേട്ടയിലൂടെ തമിഴ് നടനായ ചേരൻ ആദ്യമായി മലയാള സിനിമയിൽ എത്തുന്നു. ടൊവിനോ തോമസ്, സുരാജ് വെഞ്ഞാറമൂട്, ചേരൻ എന്നിവരെ മുഖ്യ കഥാപാത്രങ്ങളാക്കി അനുരാജ് മനോഹർ ഒരുക്കുന്ന നരിവേട്ടയിലെ ചേരന്റെ ക്യാരക്ടർ പോസ്റ്റർ ഇപ്പോൾ പുറത്തു വന്നിരിക്കുകയാണ്. ചിത്രത്തിൽ ആർ കേശവദാസ് എന്ന പൊലീസ് ഉദ്യോഗസ്ഥനായിട്ടാണ് ചേരൻ എത്തുന്നത്.

സംവിധായകനും നടനുമായ ചേരൻ സാംസ്കാരിക പ്രാധാന്യമുള്ള ചലച്ചിത്രങ്ങൾ സംവിധാനം ചെയ്യുന്നതിൽ ശ്രദ്ധേയനാണ്. മൂന്ന് തവണ ദേശീയ ചലച്ചിത്രപുരസ്കാരം നേടിയിട്ടുമുണ്ട്. കെ.എസ്.രവികുമാറിന്റെ സംവിധാന സഹായിയായിട്ടാണ് തന്റെ സംവിധാന ജീവിതം ചേരൻ തുടങ്ങുന്നത്. പിന്നീട് മലയാള ചലച്ചിത്രസംവിധായകനായ ഹെൻറിയുടെ ശ്രദ്ധയാകർഷിക്കുകയും, കോലങ്ങൾ എന്ന ചിത്രം ചേരനെ കൊണ്ട് നിർമ്മിക്കുകയും ചെയ്തു.

മനുഷ്യബന്ധങ്ങളെ കേന്ദ്രീകരിച്ച് ഗ്രാമീണ പശ്ചാത്തലത്തിലുള്ള സിനിമകൾ സംവിധാനം ചെയ്ത് ചേരൻ തുടക്കത്തിൽ തന്നെ കരിയറിൽ മുന്നേറ്റം നടത്തുകയും ഭാരതി കണ്ണമ്മ (1997), പോർക്കളം (1997) എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് നിരൂപക പ്രശംസ നേടുകയുമുണ്ടായി. ആഗോളവൽക്കരണം ഇന്ത്യൻ മധ്യവർഗത്തെ എങ്ങനെ ബാധിക്കുന്നു എന്ന് പര്യവേക്ഷണം ചെയ്യുന്ന വിഷയങ്ങൾ കൂടി അദ്ദേഹം പിന്നീട് സിനിമയുടെ ഭാഗമാക്കി. ഇതുവരെയുള്ള അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ചലച്ചിത്രം, ഓട്ടോഗ്രാഫ് (2004), ഒരു മനുഷ്യന്റെ ജീവിതത്തിന്റെ നാല് ഘട്ടങ്ങളിലെ ഒരു അർദ്ധ ആത്മകഥാപരമായ കഥയാണ്. ഒരു നടനും സംവിധായകനുമെന്ന നിലക്ക് ചേരന് ഏറ്റവും കൂടുതൽ പ്രേക്ഷകസ്വീകാര്യത ലഭിച്ച സിനിമ കൂടിയാണ് ഓട്ടോഗ്രാഫ്. പിന്നീട് കുടുംബ നാടക ചിത്രമായ തവമൈ തവമിരുന്നു (2005), പിരിവോം സന്തിപ്പോം (2008), യുദ്ധം സെയ് (2011) തുടങ്ങിയ ചിത്രങ്ങളിലെ അഭിനേതാവായും അദ്ദേഹം വിജയിച്ചു. ഊർജ്ജസ്വലനായ ഒരു ഓൾറൗണ്ടറായ അദ്ദേഹത്തിന് വെട്രി കൊടി കാട്ട്, ഓട്ടോഗ്രാഫ്, തവമൈ തവമിരുന്ധു എന്നീ ചിത്രങ്ങൾക്കാണ് മൂന്ന് തവണ ദേശീയ അവാർഡ് ലഭിച്ചത്.

ഏറെക്കാലമായി ചേരൻ മലയാളത്തിലെത്തുന്നു എന്ന് പറഞ്ഞു കേട്ടിരുന്നുവെങ്കിലും നരിവേട്ടയിലെ ഡി.ഐ.ജി. ആർ കേശവദാസ് എന്ന പൊലീസ് ഉദ്യോഗസ്ഥൻറെ കഥാപാത്രത്തിലൂടെയാണ് അത് സംഭവിക്കുന്നത്. തമിഴ് ഭാഷ ചിത്രത്തിലെത് പോലെ മലയാളത്തിലും ചേരന് വലിയ പ്രേക്ഷക സ്വീകാര്യത ഈ സിനിമയിലൂടെ ലഭിക്കുമെന്നാണ് അണിയറ പ്രവർത്തകർ പ്രതീക്ഷിക്കുന്നത്. പ്രിയംവദ കൃഷ്ണ, ആര്യ സലിം, റിനി ഉദയകുമാർ, എന്നിവരും ഈ ചിത്രത്തിന്റെ താരനിരയിലുണ്ട്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ എൻ എം ബാദുഷ, ഛായാഗ്രഹണം വിജയ്, സംഗീതം ജേക്സ് ബിജോയ്, എഡിറ്റർ ഷമീർ മുഹമ്മദ്, ആർട്ട് ബാവ, കോസ്റ്റും അരുൺ മനോഹർ, മേക്ക് അപ് അമൽ സി ചന്ദ്രൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സക്കീർ ഹുസൈൻ,പ്രതാപൻ കല്ലിയൂർ, പ്രൊജക്റ്റ് ഡിസൈനർ ഷെമി ബഷീർ, സൗണ്ട് ഡിസൈൻ രംഗനാഥ് രവി, പിആർ ഒ & മാർക്കറ്റിംഗ് വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.





# ജയസൂര്യ,വിനായകൻ

## ഫാന്റസി കോമഡി ചിത്രത്തിന് തുടക്കമായി

എബ്രഹാം ഓസ്ലർ എന്ന ചിത്രത്തിന് ശേഷം മിഥുൻ മാനുവൽ തോമസ് ഇർഷാദ് എം ഹസ്സൻ നയിക്കുന്ന നേരമ്പോക്ക് പ്രൊഡക്ഷൻസ് നിർമ്മിക്കുന്ന പുതിയ ചിത്രം ഒരുങ്ങുന്നു. ജയസൂര്യ, വിനായകൻ എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്ന ഈ ചിത്രം സംവിധാനം ചെയ്യുന്നത് പ്രിൻസ് ജോയ് ആണ്. നേരമ്പോക്ക് പ്രൊഡക്ഷൻസിന്റെ ബാനറിൽ മിഥുൻ മാനുവൽ തോമസ്, ഇർഷാദ് എം ഹസൻ എന്നിവർ ചേർന്നാണ് ഈ ചിത്രം നിർമ്മിക്കുന്നത്. അനുഗ്രഹീതൻ ആന്റണി എന്ന ചിത്രത്തിന് ശേഷം പ്രിൻസ് ജോയ് ഒരുക്കുന്ന ചിത്രം കൂടിയാണിത്.

ആട് ഒരു ഭീകര ജീവിയാണ്, ആട് 2 എന്നീ ചിത്രങ്ങൾ ജയസൂര്യയെ നായകനാക്കി സംവിധാനം ചെയ്തിട്ടുള്ള മിഥുൻ മാനുവൽ തോമസ്, അദ്ദേഹത്തെ നായകനാക്കി നിർമ്മിക്കുന്ന ആദ്യ ചിതം കൂടിയാണിതെന്ന പ്രത്യേകതയുമുണ്ട്. വിനായകന്റെ വളരെയേറെ ശ്രദ്ധയാകർഷിക്കുന്ന മറ്റൊരു കഥാപാത്രമായിരിക്കും ചിത്രത്തിലുണ്ടാവുക. ചിത്രത്തിന്റെ പൂജയും സ്വിച്ച് ഓണും ഇന്ന് എറണാകുളം മുളംത്തുരുത്തിയിൽ വച്ചു നടന്നു. ജയസൂര്യയും വിനായകനും മറ്റു പ്രധാന താരങ്ങളും അണിയറ പ്രവർത്തകരും പൂജാ വേളയിൽ സന്നിഹിതരായി. ഫാന്റസി കോമഡി ജോണറിലാണ് ചിത്രം ഒരുങ്ങുന്നത്.

ജെയിംസ് സെബാസ്റ്റിയൻ തിരക്കഥ രചിച്ച ഈ ചിത്രത്തിൽ ജയസൂര്യ വിനായകൻ എന്നിവർക്കൊപ്പം ബേബി ജീൻ, ഇന്ദ്രൻസ്, സുരേഷ് കൃഷ്ണ, മണികണ്ഠൻ ആചാരി, നിഹാൽ എന്നിവരാണ് മറ്റു പ്രധാന വേഷങ്ങൾ ചെയ്യുന്നത്. ഇന്ന് മുതൽ ചിത്രികരണം ആരംഭിക്കുന്ന ഈ സിനിമയുടെ എക്സികുട്ടീവ് പ്രൊഡ്യൂസർ സുനിൽ സിങ്, സജിത്ത് പി വൈ, ഛായാഗ്രഹണം വിഷ്ണു ശർമ്മ, എഡിറ്റിംഗ് ഷമീർ മുഹമ്മദ്, പ്രൊഡക്ഷൻ ഡിസൈനർ അരുൺ വെഞ്ഞാറമൂട്, മ്യൂസിക് ഷാൻ റഹ്മാൻ, ആർട്ട് ഡയറക്ടർ മഹേഷ് പിറവം, ലൈൻ പ്രൊഡ്യൂസർ റോബിൻ വർഗീസ്, വസ്ത്രാലങ്കാരം സിജി നോബിൾ തോമസ്, മേക്കപ്പ് റോണക്സ് സേവ്യർ, ചീഫ് അസ്സോസിയേറ്റ് ഡിറക്ടർസ് രജീഷ് വേലായുധൻ, ബേസിൽ വർഗീസ് ജോസ്, പ്രൊഡക്ഷൻ കൺട്രോളർ പ്രശാന്ത് നാരായണൻ, സംഘട്ടനം ഫിനിക്സ് പ്രഭു , വിഎഫ്എക്സ് മൈൻഡ് സ്റ്റെയിൻ സ്റ്റുഡിയോസ്, ഡിസൈൻസ് യെല്ലോടൂത്ത്, പിആർഒ വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.




# ദളപതി വിജയിയുടെ അവസാന സിനിമ 2026 പൊങ്കൽ റിലീസ്

തമിഴ് നടനും രാഷ്ട്രീയക്കാരനുമായ ദളപതി വിജയ് തന്റെ പുതിയതും ഏറ്റവും അവസാനത്തേതുമായ സിനിമ ജന നായകൻ റിലീസ് തീയതി പ്രഖ്യാപിച്ചു. എച്ച് വിനോദ് സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ പുതിയ പോസ്റ്റർ വിജയ് പങ്കുവെച്ചു. അടുത്ത വർഷം പൊങ്കൽ റിലീസായി ജനുവരി 9 ന് ചിത്രം തിയേറ്ററുകളിൽ എത്തുമെന്ന് വിജയ് പറഞ്ഞു.

വിജയ് രാഷ്ട്രീയത്തിലേക്ക് പൂർണമായി പ്രവേശിച്ചതോടെ വിജയിന്റെ അവസാനത്തെ സിനിമയാണ് ഇതെന്ന് വിശ്വസിക്കപ്പെടുന്നു.

കെവിഎൻ പ്രൊഡക്ഷൻസിന്റെ പിന്തുണയോടെ ഒരുങ്ങുന്ന ചിത്രത്തിൽ ബോബി ഡിയോൾ, പൂജ ഹെഗ്ഡെ എന്നിവരും പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു. അനിരുദ്ധ് ആണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത്.

## കൂടുതൽ സൗകര്യങ്ങളുമായി ഭീം 3.0

**കൊച്ചി:** കൂടുതൽ ഭാഷകളും കുറഞ്ഞ തോതിലെ ഇന്റർനെറ്റിലെ പ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ട പണ ആസൂത്രണ സൗകര്യങ്ങളും ഉൾപ്പെടുത്തി ഭീം 3.0 അവതരിപ്പിച്ചു. നാഷണൽ പെയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ സമ്പൂർണ സബ്സിഡിയറിയായ എൻപിസിഐ ഭീം സർവ്വീസസ് ലിമിറ്റഡിന്റെ (എൻബിഎസ്എൽ) 2016ൽ പുറത്തിറക്കിയ ഭീമിന്റെ മൂന്നാം പതിപ്പാണ് ഭാരത് ഇന്റർഫെയ്സ് ഫോർ മണി (ഭീം) 3.0. മറ്റ് ആപ്പുകളിലേക്കു പോകാതെ സുഗമമായി പണമടക്കൽ പൂർത്തിയാക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്ന രീതിയിൽ കച്ചവടക്കാർക്കായി ഭീം വേഗയും അവതരിപ്പിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തോടെയാവും ഇവ പൂർണമായും എല്ലാ സംവിധാനങ്ങളിലും ലഭ്യമാകുകയെന്ന് എൻപിസിഐ നോൺ എക്സിക്യൂട്ടീവ് ചെയർമാൻ അജയ് കുമാർ പറഞ്ഞു. കൂടുതൽ ഭാഷകൾ ഉൾപ്പെടുത്തിയ ഭീം 3.0ൽ 15 ഇന്ത്യൻ ഭാഷകളാണ് ലഭ്യമാകുക. കുറഞ്ഞ തോതിലെ നെറ്റ് വർക്ക് കണക്ഷനുകൾ ഉള്ളതോ വേഗത കുറഞ്ഞ ഇൻറർനെറ്റ് ശൃംഖലകൾ ഉള്ളതോ ആയ പ്രദേശങ്ങളിലും സുഗമമായ ഇടപാടുകൾ ഭീം 3.0യിൽ സാധ്യമാകും. ഇടപാടുകൾ ട്രാക്കു ചെയ്യാനും ആസൂത്രണം ചെയ്യാനും ചെലവുകൾ എളുപ്പത്തിൽ തരം തരിക്കാനും എല്ലാം ഉള്ള സൗകര്യങ്ങൾ ഇതിലുണ്ട്.ചെലവുകൾ സുഹൃത്തുക്കൾക്കും കുടുംബത്തിനും ഇടയിൽ സുഗമമായി സ്പ്ലിറ്റു ചെയ്യാനും ഇതിലൂടെ സാധിക്കും. കുടുംബാംഗങ്ങളെ ഇതിൽ ഉൾപ്പെടുത്തി ചെലവുകൾ പങ്കു വെക്കാനും ചില ചെലവുകൾ ചുമതലപ്പെടുത്താനുമെല്ലാം സാധിക്കും. ഡിജിറ്റൽ പണമിടപാടുകൾ സുഗമമാക്കാനും ലളിതമാക്കാനും ഭീം എന്നും മുഖ്യ പങ്കാണു വഹിച്ചിട്ടുള്ളതെന്നും അജയ് കുമാർ പറഞ്ഞു.

## എം എസ് ധോണി ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം



**കൊച്ചി :** വൈവിധ്യമാർന്നതും സ്റ്റൈലിഷുമായ പുതിയ എം എസ് ധോണി ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം കളക്ഷൻ.പ്ലാറ്റിനം ചെയിനുകൾ,കൈത്തണ്ടയിൽ അണിയുന്നവ, കഴുത്തിൽ അണിയുന്നവ, മോതിരങ്ങൾ എന്നിവ ഉൾപ്പെടെ വിപുലമായ ഡിസൈനുകൾ വാഗ്ദാനം ചെയുന്നു. മെൻ ഓഫ് പ്ലാറ്റിനം എക്സ് എംഎസ് ധോണി സിഗ്നേച്ചർ പതിപ്പ് രാജ്യത്തുടനീളമുള്ള പ്രധാന ജ്വല്ലറി സ്റ്റോറുകളിൽ ലഭ്യമാണ്




## യുകെ ആന്റ് കോയുമായി പങ്കാളിത്തം പ്രഖ്യാപിച്ച് റീപോസ് മാട്രസ്

**കൊച്ചി:** മിഡ്ടുപ്രീമിയം മെത്ത വ്യവസായത്തിലെ മുൻനിര സ്ഥാപനമായ റീപോസ് മാട്രസ് പ്രശസ്ത ബിസിനസ് കൺസൾട്ടിംഗ് സ്ഥാപനമായ യുകെ ആന്റ് കോയുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. മെത്ത വ്യവസായത്തിൽ പതിനേഴ് സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഒരു ദശാബ്ദത്തിലേറെ പ്രവർത്തനപരിചയമുള്ള റീപോസ് മാട്രസ് ബിസിനസ് വിപുലീകരണത്തിന്റെ ഭാഗമായാണ് പുതിയ സഹകരണത്തിലേർപ്പെടുന്നത്.യുകെ ആന്റ് കോയുടെ സ്ഥാപകൻ ഉല്ലാസ് കാമത്താണ് സഹകരണത്തിന് നേതൃത്വം നൽകുന്നത്. ഉൽപ്പന്ന സാങ്കേതികവിദ്യ, വിൽപ്പന, മാർക്കറ്റിംഗ്, വിതരണം, സാമ്പത്തിക ആസൂത്രണം എന്നിവയിലെ യുകെ ആന്റ് കോയുടെ തന്ത്രപരമായ ഇടപെടലുകൾ റീപോസ് മാട്രസിന്റെ വിപണി സാന്നിധ്യം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുമെന്ന് .റീപോസ് മാട്രസ് അറിയിച്ചു.

ഇന്ത്യൻ മെത്ത വിപണിയിൽ റീപോസ് മാട്രസിന് വലിയ സാധ്യതകളുണ്ടെന്നും അവരുടെ ബിസിനസ് തന്ത്രങ്ങൾ മെച്ചപ്പെടുത്താനും ശക്തിപ്പെടുത്താനും സഹകരണം ലക്ഷ്യമിടുന്നതായി ഉല്ലാസ് കാമത്ത് പറഞ്ഞു, യുകെ ആന്റ് കോയുമായുള്ള സഹകരണം കമ്പനിയുടെ പോർട്ട്ഫോളിയോ മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സഹായിക്കുമെന്ന് റിപോസ് മാട്രസ് മാനേജിംഗ് ഡയറക്ടർ ബാലചന്ദർ എസ് പറഞ്ഞു.

## ഒന്നര ലക്ഷത്തിലധികം റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റലേഷൻ; നേട്ടം കൈവരിച്ച് ടാറ്റാ പവർ

**കൊച്ചി:** ഒന്നര ലക്ഷത്തിലധികം റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റലേഷനുകൾ സ്ഥാപിച്ചുകൊണ്ട് രാജ്യത്തെ ഒന്നാം നമ്പർ റൂഫ്ടോപ്പ് സോളാർ ദാതാവ് എന്ന നേട്ടം കരസ്ഥമാക്കി ടാറ്റാ പവർ. ഇതോടെ രാജ്യ വ്യാപകമായി ടാറ്റാ പവറിന്റെ റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റലേഷനുകളുടെ മൊത്തം ശേഷി 3 ജിഗാവാട്ടിലെത്തി. ഇന്ത്യയുടെ പുനരുപയോഗ ഊർജ്ജത്തിലേക്കുള്ള പരിവർത്തനത്തിൽ കമ്പനിയുടെ നിർണായക പങ്ക് എടുത്തുകാണിക്കുന്നതാണ് ഈ നേട്ടമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ടാറ്റാ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡിന്റെ ഭാഗമായ ടാറ്റാ പവർ സോളാർ റൂഫ്ടോപ്പ്, സുസ്ഥിരവും ഊർജ്ജക്ഷമവുമായ ഭാവിയിലേക്ക് ഇന്ത്യയെ നയിക്കുന്നതിൽ മുൻനിരയിലാണ്. ടാറ്റാ പവർ സോളാറൂഫ് എന്ന പേരിൽ വിപണനം ചെയ്യപ്പെടുന്ന ടാറ്റാ പവർ സോളാർ റൂഫ്ടോപ്പിന് നിരവധി മികവുകളാണുള്ളത്. ടാറ്റാ പവർ സോളാറൂഫ് ഉപയോഗിക്കുന്നതിലൂടെ ഉപഭോക്താവിൻറെ വൈദ്യുതി ബില്ലിൽ 80 ശതമാനം വരെ കുറയ്ക്കാൻ സാധിക്കുന്നു. സോളാർ മോഡ്യൂളുകൾക്ക് 25 വർഷത്തെ വാറൻറി ലഭിക്കും. കൂടാതെ ഉപഭോക്താവിന് 4 മുതൽ 7 വർഷം വരെ പണം തിരിച്ചടവ് കാലയളവും ലഭിക്കും. വൈദ്യുതി താരിഫിൽ വാർഷികമായുണ്ടാകുന്ന വർധനവിൽ 3 മുതൽ 5 ശതമാനം വരെ കുറവ് വരുത്താൻ സാധിക്കും എന്നതാണ് മറ്റൊരു പ്രത്യേകതയെന്നും കമ്പനി അധികൃതർ വ്യക്താമാക്കി.

20ലധികം ധനകാര്യ പങ്കാളികൾ വഴി ഉപഭോക്താവിന് സൗകര്യപ്രദമായ ഫിനാൻസിങ് സൗകര്യങ്ങൾ ടാറ്റാ പവർ ലഭ്യമാക്കുന്നുണ്ട്. സോളാർ സ്ഥാപിക്കൽ എല്ലാവർക്കും താങ്ങാനാവുന്നതും എളുപ്പത്തിൽ ലഭ്യമാക്കാനും ഉപകരിക്കുന്ന തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ ബാങ്കുകൾ എന്നിവ വഴിയാണ് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നത്. പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജിലി യോജന പോലുള്ള വിവിധ പദ്ധതികളിലൂടെയും 'ഘർഘർ സോളാർ' എന്ന കാമ്പയിനിലൂടെയും സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള സർക്കാർ ദൗത്യത്തെ പിന്തുണയ്ക്കുന്നതിൽ കമ്പനി നിർണായക പങ്ക് വഹിക്കുന്നു.

## സൂപ്പർബ്രാൻഡ് 2025 പുരസ്കാരം മുത്തൂറ്റ് ഫിൻകോർപ്പിന്

**കൊച്ചി:** മുത്തൂറ്റ് ഫിൻകോർപ്പിന് സൂപ്പർബ്രാൻഡ് 2025 പുരസ്കാരം ലഭിച്ചു. 'ഗോൾഡ് സ്റ്റാൻഡേർഡ് ഓഫ് ബ്രാൻഡിംഗ്' ആയി കരുതപ്പെടുന്ന ഈ പുരസ്കാരം

പൂർണമായും ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പിൻറെ അടിസ്ഥാനത്തിലാണ് നൽകുന്നതെന്നും ഈ പുരസ്ക്കാരം നേടുന്ന സ്വർണ പണയ എൻബിഎഫ്സി രംഗത്തെ ആദ്യ കമ്പനിയാണ് മുത്തൂറ്റ് ഫിൻകോർപ്പെന്നും മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.2025ലെ സൂപ്പർബ്രാൻഡ് അംഗീകാരം ലഭിച്ചതിൽ തങ്ങൾ അഭിമാനിക്കുന്നു. ഈ അംഗീകാരം ഉപഭോക്തൃ കേന്ദ്രീകൃതവും, നവീനവും, ധാർമ്മികമായ ബിസിനസ്സ് രീതികൾ എന്നിവയോടുള്ള മുത്തൂറ്റ് ഫിൻകോർപ്പിൻറെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. സാധാരണക്കാരൻറെ സാമ്പത്തിക സുസ്ഥിതി മെച്ചപ്പെടുത്തി അവരുടെ ജീവിതത്തിൽ മാറ്റം കൊണ്ടുവരുകയാണ് തങ്ങളുടെ ലക്ഷ്യം. ഈ അംഗീകാരം ലക്ഷ്യത്തിലേക്കുള്ള തങ്ങളുടെ പ്രതിബദ്ധതയെ വീണ്ടും ഉറപ്പിക്കുന്നുവെന്നും തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.

സാധാരണക്കാരൻറെ വീട്ടുപടിക്കൽ വായ്പ ലഭ്യമാക്കി അവരെ ശാക്തീകരിക്കുക എന്ന വാഗ്ദാനം നിറവേറ്റുന്നു. ഭാവിയിലും നൂതന സേവനങ്ങൾ അവതരിപ്പിക്കുന്നത് തുടരുകയും സത്യസന്ധതയോടും മികച്ച രീതിയിലും ഉപഭോക്താക്കൾക്ക് സേവനം നൽകുകയും ചെയ്യുമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.



## ഇന്ത്യയിൽ പുതിയ മോഡലുകൾ അവതരിപ്പിച്ച് നിസാൻ

**കൊച്ചി:** ഇന്ത്യയിൽ രണ്ട് പുതിയ മോഡലുകൾ കൂടി അവതരിപ്പിച്ച് നിസാൻ മോട്ടോർ ഇന്ത്യ. 5 സീറ്റുള്ള സിഎസ്‌യുവിയും(കോംപാക്റ്റ് സ്പോർട്സ് യൂട്ടിലിറ്റി വെഹിക്കിൾ) 7 സീറ്റുള്ള ബിഎംപിവിയുമാണ്(മൾട്ടി പർപ്പസ് വെഹിക്കിൾ) പുതിയതായി നിസാൻ പുറത്തിറക്കിയത്. ഇന്ത്യൻ വിപണി ലക്ഷ്യം വെച്ചുള്ള ഇവ ജപ്പാനിലെ യോകോഹാമയിൽ വെച്ച് നടന്ന ഗ്ലോബൽ പ്രോഡക്റ്റ് ഷോകേസ് പരിപാടിയിലാണ് നിസാൻ അവതരിപ്പിച്ചത്. ഇന്ത്യയുടെ അതിവേഗം വളരുന്ന വിപണിയിൽ നിസാൻ തങ്ങളുടെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും ആഭ്യന്തര വില്പനയും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിനുമുള്ള നിസാന്റെ ലക്ഷ്യത്തിനു മുന്നോടിയാണിത്.

പുതിയ നിസാൻ പട്രോളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ 5 സീറ്റർ സിഎസ്‌യുവിയുടെ പുറം രൂപകൽപ്പന. മസ്കുലാർ എസ്‌യുവി സവിശേഷതകളുള്ള സിആകൃതിയിലുള്ള ഗ്രിൽ ഡിസൈൻ അവതരിപ്പിക്കുന്നതാണ് പുതിയ നിസാൻ 7 സീറ്റർ ബിഎംപിവി.

2026 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ മറ്റൊരു 5 സീറ്റർ സിഎസ്‌യുവി കൂടി പുറത്തിറക്കി ബി/സി, ഡിഎസ്‌യുവി വിഭാഗങ്ങളിലായി ഇന്ത്യയിൽ അടുത്ത വർഷത്തോടെ 4 മോഡലുകൾ പുറത്തിറക്കുവാനാണ് നിസാൻ മോട്ടോർ ഇന്ത്യ ലക്ഷ്യമിടുന്നത്.




# എച്ച്ഐഎൽ ലിമിറ്റഡ് ഇനി ബിർലനു ലിമിറ്റഡ്

**കൊച്ചി:** സികെ ബിർള ഗ്രൂപ്പിന്റെ ഭാഗമായ എച്ച്ഐഎൽ ലിമിറ്റഡ് ഇനി ബിർലനു ലിമിറ്റഡ് എന്ന പുതിയ പേരിലേക്ക്. കമ്പനിയുടെ മുന്നോട്ടേക്കുള്ള വളർച്ചയുടേയും ഒപ്പം ഉപഭോക്താക്കൾക്ക് ലോകോത്തര നിലവാരത്തിലുള്ള ഉത്പന്നങ്ങളും സേവനങ്ങളും ഉറപ്പുനൽകുന്നതിലുള്ള പ്രതിബദ്ധതയുടേയും ഭാഗമാണ് ഈ പുതിയ മാറ്റമെന്ന് ബിർലനു പ്രസിഡന്റ് അവന്തി ബിർല പറഞ്ഞു. ഇന്ത്യയിലും യൂറോപ്പിലുമായി 32 നിർമാണ യൂണിറ്റുകളുള്ള ബിർലനു ലിമിറ്റഡിന് 80 ഓളം രാജ്യങ്ങളിൽ പങ്കാളികളും ഉപഭോക്താക്കളുമുണ്ട്. ഞങ്ങളെന്താണ് എന്ന് പൂർണമായും പ്രതിഫലിക്കുന്നതാണ് ബിർലാനു എന്ന പുതിയ പേര്. ഗുണമേന്മ, നവീനത, ദീർഘകാല ഈട് എന്നിവയിലുള്ള അടിയുറച്ച വിശ്വസമാണ് ഈ ബിസിനസിൽ ഞങ്ങൾ നിലനിൽക്കുന്നതിലുള്ള കാരണം. വീട്ടുടമകൾ, കെട്ടിട നിർമാതാക്കൾ, ഡിസൈനർമാർ എന്നിങ്ങനെ ഞങ്ങൾ സേവനം നൽകുന്ന എല്ലാ വിഭാഗത്തിലുള്ളവരുമാണ് എപ്പോഴും ഞങ്ങളുടെ മുൻഗണന. ഏറ്റവും മികച്ച നിർമാണ സാമഗ്രികക്കായും, കെട്ടിട നിർമാണത്തിലെ ഏറ്റവും നവീനമായൊരു ഐഡിയ യാഥാർത്ഥ്യമാക്കുന്നതിനും, ദീർഘകാല ഈടിനും ബിർലനു ലിമിറ്റഡ് എപ്പോഴും ഉപഭോക്താക്കൾക്കൊപ്പം നിൽക്കുന്നുവെന്നും അവന്തി ബിർല പറഞ്ഞു. വീടുകൾ, ഇന്റീരിയർ മേഖല എന്നിവയിലേക്കുള്ള സേവന വിപുലീകരണത്തിന്റെ ഭാഗമായി, ഞങ്ങളുടെ ആഗോള പ്രീമിയം ഫ്ളോറിംഗ് ബ്രാൻഡായ പാരഡോറിനെ ഇന്ത്യയിലേക്ക് കൊണ്ടുവരാനും ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ട്. ബിർലനു മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അക്ഷത് സേത് പറഞ്ഞു.




# ബാങ്ക് ബ്രാഞ്ച് ഓഡിറ്റിൽ ഏകദിന സെമിനാർ നടത്തി

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ചിന്റേയും ഓഡിറ്റിംഗ് ആന്റ് അഷ്വറൻസ് സ്റ്റാന്റേഡ്സ് ബോർഡിന്റേയും നേതൃത്വത്തിൽ ബാങ്ക് ബ്രാഞ്ച് ഓഡിറ്റിൽ ഏകദിന സെമിനാർ നടത്തി. ഫെഡറൽ ബാങ്ക് ഓഡിറ്റ് കമ്മിറ്റി ചെയർമാനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ മുൻ പ്രസിഡന്റുമായ മനോജ് ഫഡ്നിസ് ഉദ്ഘാടനം ചെയ്തു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നത് സാമ്പത്തിക സ്ഥിരത ഉറപ്പാക്കുകയും അപകട സാധ്യതകൾ ലഘൂകരിക്കുകയും പങ്കാളികൾക്കിടയിൽ വിശ്വാസം വളർത്തുകയും ചെയ്യുമെന്ന് മനോജ് ഫഡ്നിസ് പറഞ്ഞു. ചാർട്ടേഡ് അക്കൗണ്ടന്റുമാർ എന്ന നിലയിൽ നിയന്ത്രണങ്ങൾക്കിടയിലും ബിസിനസുകൾ മികച്ചതും ചടുലവുമാണെന്ന് ഉറപ്പാക്കുന്നതിൽ നിർണായക പങ്കാണ് വഹിക്കാനുള്ളതെന്നും അദ്ദേഹം ഓർമിപ്പിച്ചു. കാര്യങ്ങളെ കുറിച്ച് വ്യക്തമായി അറിഞ്ഞിരിക്കുകയും ശക്തമായ ചട്ടക്കൂടുകൾ നടപ്പിലാക്കുകയും സാങ്കേതികവിദ്യകൾ സ്വീകരിക്കുകയും ചെയ്യുന്നത് സങ്കീർണതകളെ ഫലപ്രദമായി മറികടക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ സെൻട്രൽ കൗൺസിൽ അംഗം ബാബു അബ്രഹാം കള്ളിവയലിൽ മുഖ്യപ്രഭാഷണം നടത്തി. എസ് ഐ ആർ സി സെക്രട്ടറി ദീപ വർഗ്ഗീസ്, ഐ സി എ ഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ ആനന്ദ് എ എസ്, സെക്രട്ടറി രൂപേഷ് രാജഗോപാൽ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പ്രസംഗിച്ചു. ടെക്നിക്കൽ സെഷനിൽ പി എം വീരമണി, വിവേക് നെവാടിയ കൊൽക്കത്ത എന്നിവർ സംസാരിച്ചു.




# ആഗോള സ്വർണാഭരണ വിപണിയിലേക്ക് വിൻസ്മേര

**കൊച്ചി:** വിൻസ്മേര എന്ന ബ്രാൻഡിലൂടെ ഇന്ത്യയിലും ഗൾഫ് രാജ്യങ്ങളിലുമായി രണ്ടു വർഷത്തിനുള്ളിൽ 20 ജ്വല്ലറി സ്റ്റോറുകളും ഫാക്ടറികളും തുറക്കുമെന്ന് ആഗോള സ്വർണാഭരണ രംഗത്ത് ഡിസൈനിംഗ്, മാനുഫാക്ച്വറിംഗ്, ഹോൾസെയിൽ എക്സ്പോർട്ട് എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച, കണ്ണൂർ സ്വദേശികളായ ദിനേഷ് കാമ്പ്രത്ത്, അനിൽ കാമ്പ്രത്ത്, മനോജ് കാമ്പ്രത്ത്, കൃഷ്ണൻ കാമ്പ്രത്ത് എന്നിവർ കൊച്ചിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു. റീട്ടെയിൽ വ്യാപാര രംഗത്ത് 2000 കോടി രൂപയുടെ നിക്ഷേപം നടത്താനാണ് പദ്ധതിയിടുന്നത്. ആദ്യഘട്ടത്തിൽ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ സ്റ്റോറുകളും കണ്ണൂരിൽ ഫാക്ടറിയും തുറക്കും. കൂടാതെ അബുദാബി, ദുബായ്, ഷാർജ എമിറേറ്റ്സുകളിൽ ഷോറൂമും ഫാക്ടറിയും ആരംഭിക്കും. റീട്ടെയിൽ വ്യാപാര ശൃംഖല വിപുലീകരിക്കുന്നതിലൂടെ പുതുതായി 2500ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും. നിലവിൽ വിൻസ്മേര ഗ്രൂപ്പിനു കീഴിൽ 1000ലധികം ജീവനക്കാരാണുള്ളത്. ഇതിൽ പകുതിയിലധികവും വനിതകളാണ്. ആഭരണങ്ങളുടെ ഡിസൈനിംഗ് മുതൽ പാക്കേജിങ് വരെയുള്ള നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതും സ്ത്രീകളാണ്. ഷാർജ, കണ്ണൂർ എന്നിവിടങ്ങളിൽ 50000 ചതുരശ്ര അടി വിസ്തീർണത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലാണ് നിലവിൽ ആഭരണങ്ങളുടെ നിർമാണവും ഡിസൈനിംഗും നടത്തുന്നത്. ഫാക്ടറികൾ ഹൈഡ്രജൻ ഇന്ധനത്തിൽ പ്രവർത്തിപ്പിക്കുന്ന ചുരുക്കം കമ്പനികളിൽ ഒന്നാണ് വിൻസ്മേരയുടേത്. കമ്പനിയുടെ ഇത്തരം പരിസ്ഥിതി സൗഹാർദ പ്രവർത്തനങ്ങൾക്ക് ആഗോള അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഇവർ പറഞ്ഞു.രാജ്യത്തെ പ്രമുഖ ബാങ്കുകളിൽനിന്നും സ്വർണം നേരിട്ട് വാങ്ങുകയും ആവിശ്യാനുസരണം ഡിസൈനിംഗ്, നിർമാണം, ഹോൾസെയിൽ എക്സ്പോർട്ട് നടത്തുകയും ചെയ്യുന്ന വിൻസ്മേര ഗ്രൂപ്പ്, 2030ഓടെ പ്രാരംഭ ഓഹരി വിൽപനയ്ക്ക് (ഐപിഒ) ലക്ഷ്യമിടുന്നു. കേരളത്തിൽ വിൻസ്മേരയുടെ ആദ്യ ഷോറൂം കോഴിക്കോട് ഏപ്രിൽ അവസാനത്തോടെ പ്രവർത്തനം ആരംഭിക്കും. 10000 ചതുരശ്രയടി വിസ്തീർണത്തിലാണ് ഷോറൂം ഒരുങ്ങുന്നത്. തുടർന്ന്, കൊച്ചി എംജി റോഡിലും ഷോറൂം തുറക്കും. നടൻ മോഹൻലാലാണ് വിൻസ്മേരയുടെ ബ്രാൻഡ് അംബാസിഡറായി എത്തുന്നത്.

